(സി) സ്വമേധയാ യൂണിവേഴ്സിറ്റി, വിശ്വവിദ്യാലയം എന്നീ പേരുകൾ സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകരുതെന്ന് രജിസ്ട്രേഷൻ വകുപ്പു മുഖേന എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ സർവ്വകലാശാലകളുടെ പ്രലോഭനങ്ങളിൽ പൊതുജനങ്ങൾ വഞ്ചിതരാകരുതെന്ന് പത്ര മാധ്യമം മുഖേന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വ്യാജ സർവ്വകലാശാലകളുടെ പ്രവർത്തനം തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും, കോളേജ് വിദ്യാഭ്യാസ വകുപ്പ്ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്ഡയറക്ടർ എന്നിവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ

14 (* 643) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്വകാര്യ കെട്ടിടങ്ങളെ അപേക്ഷിച്ച് സർക്കാർ കെട്ടിടങ്ങൾക്ക് കുറഞ്ഞ കാലയളവിനുള്ളിൽ കൂടുതൽ അറ്റകുറ്റപ്പണികൾ വരുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഓരോ കെട്ടിടത്തിലും പ്രവർത്തിക്കുന്ന ആഫീസ് മേലധികാരികൾക്ക് ആ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതിനുള്ള അധികാരം നൽകുന്നവിധം ചട്ടങ്ങളിൽ മാറ്റം വരുത്തുമോ എന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വക കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എന്തു തുക ചെലവിട്ടു എന്ന് വ്യക്തമാക്കുമോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) വാർഷിക അറ്റകുറ്റപ്പണികളും, കെട്ടിടങ്ങളുടെ കാലപ്പഴക്കവും അവസ്ഥയുമനുസരിച്ച് പ്രത്യേക അറ്റകുറ്റപ്പണികളും നടത്താറുണ്ട്.

(ബി) സർക്കാർ കെട്ടിടങ്ങൾക്ക് കൂടുതൽ അറ്റകുറ്റപ്പണികൾ വേണ്ടി വരുന്നു എന്ന് അനുമാനിക്കുന്നത് ശരിയല്ല.

(സി) കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾക്കും അറ്റകുറ്റപ്പണികൾക്കും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമാകയാൽ പൊതുമരാമത്തു വകുപ്പുതന്നെ പണികൾ ഏർപ്പാടുചെയ്യുന്നതാണ് അഭികാമ്യം. അറ്റകുറ്റപണികളുടെ സ്വഭാവം, ഓഫീസ് മേലധികാരികളുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ചെയ്യാറുള്ളത്.

(ഡി) 96.29 കോടി രൂപ ചെലവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly